LIBRARY ARCHIVES Kerala Legislative Assembly

ഇന്ധനങ്ങളിലെ മായം കലർത്തൽ

21 (*681) ശ്രീ. കോവൂർ കുഞ്ഞുമോൻ :

ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാരിന് സംസ്ഥാനത്തെ പെട്രോൾ പമ്പുകളിലെ ഇന്ധനങ്ങളിൽ മായം കലർന്നിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) :

(എ & ബി) കേന്ദ്ര പെട്രോളിയം പ്രകൃതിവാതക മന്ത്രാലയത്തിന്റെ 2005-ലെ മോട്ടോർ സ്പിരിറ്റ് & ഹൈ സ്പീഡ് ഡീസൽ ഓയിൽ (റഗുലേഷൻ ഓഫ് സപ്ലൈ, ഡിസ്ട്രിബ്യൂഷൻ & പ്രിവൻഷൻ ഓഫ് മാൽപ്രാക്ടീസസ്) നിയമത്തിലെ ഏഴാം വകുപ്പിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ഭക്ഷ്യ പൊതുവിതരണ വകുപ്പിലെ താലൂക്ക് സപ്ലൈ ഓഫീസർ റാങ്കിൽ കുറയാത്ത തസ്തികയിലുള്ള ഉദ്യോഗസ്ഥർക്കും, ജില്ലാ കളക്ടർക്കും, ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്/അസിസ്റ്റന്റ് പോലീസ് കമ്മീഷണർ എന്നീ ഉദ്യോഗസ്ഥർക്കും പെട്രോൾ പമ്പുകൾ പരിശോധിക്കുവാനുള്ള അധികാരം നൽകിക്കൊണ്ട് വിജ്ഞാപനം എസ്.ആർ.ഒ. നം.311/2014 ആയി (ജി.ഒ (പി) നം.16/2014/എഫ്&സി.എസ്.ഡി. തീയതി 20-5-2014) പുറപ്പെടുവിച്ചിട്ടുണ്ട്.

വിദ്യാർത്ഥി-അദ്ധ്യാപക അനുപാതമാറ്റം

22 (*682) ശ്രീ. കെ. കെ. നാരായണൻ :

ശ്രീ. എ. കെ. ബാലൻ :

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുള്ള അധിക അദ്ധ്യാപകരെ നിലനിർത്തുന്നതിന് വിദ്യാർത്ഥി-അദ്ധ്യാപക അനുപാത മാറ്റം കൊണ്ട് കഴിയുമോ ;

(ബി) പുതുക്കിയ അനുപാതം നടപ്പിൽ വരുത്തിയതിനുശേഷം അധികം വരുന്ന അദ്ധ്യാപകരുടെ കാര്യത്തിൽ എന്ത് തീരുമാനമാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?